(സി) 2014 നവംബർ മാസം 25-ാം തീയതിവരെയുള്ള കണക്കുപ്രകാരം ശരാശരി വൈദ്യുതി ഉപഭോഗം 59.34 ദശലക്ഷം യൂണിറ്റാണ്. കേന്ദ്ര വിഹിതമായി ലഭിച്ചത് ശരാശരി 26 ദശലക്ഷം യൂണിറ്റാണ്. അയൽ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിന് വിഹിതമൊന്നുമില്ല. എന്നാൽ അന്തർ സംസ്ഥാന ലൈനുകളിൽകൂടി കേന്ദ്ര വിഹിതം deviation URS എക്സ്ചേഞ്ച് വഴിയും ട്രേഡർമാർ വഴിയും വൈദ്യുതി വാങ്ങുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ഉപഭോഗത്തിനനുസരിച്ച് ആഭ്യന്തര ഉല്പാദനം വർദ്ധിക്കുന്നില്ല. ലഭ്യതയ്ക്കും ആവശ്യത്തിനും ഇടയിലുള്ള അന്തരം നികത്തുന്നതിന് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം കൂട്ടുകയും പ്രസരണ-വിതരണ നഷ്ടം, വൈദ്യുതി ഉപഭോഗം എന്നിവ കുറയ്ക്കുകയുമാണ് വേണ്ടത്. പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡുതലത്തിൽ നിരവധി നടപടികൾ സ്വീകരിക്കുന്നു. ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതുവഴി വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി Demand Side Management പ്രവൃത്തികളും ബോർഡുതലത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചും നവീകരിക്കാവുന്ന സ്രോതസ്സുകളുപയോഗിച്ചുള്ള പദ്ധതികൾവഴിയും സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ചുവരുന്നു. എന്നാൽ ഖനിജ ഇന്ധനങ്ങളുപയോഗിച്ചുള്ള ഒരു വൻകിട പദ്ധതിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനായി ഇപ്പോൾ നിർമ്മാണത്തിലുള്ള 400 കെ.വി. മൈസൂർ-അരീക്കോട്, 400 കെ.വി. ഇടമൺ-കൊച്ചി ലൈനുകളുടെ നിർമ്മാണം ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് പൂർത്തിയാക്കാൻ സംസ്ഥാന സർക്കാരും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും നടപടികൾ സ്വീകരിച്ചുവരുന്നു. ടി ലൈനുകൾ PGCIL ആണ് നിർമ്മിക്കുന്നത് . കൂടാതെ 400 കെ.വി ഉടുപ്പി-കാസർഗോഡ്-കോഴിക്കോട് ലൈനിനും SRPC യിൽ അനുമതി ലഭിച്ചിട്ടുണ്ട്.

കിനാലൂർ 110 കെ. വി. സ്റ്റേഷൻ

68 (408) ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ജൂലൈ 1-ന് ബാലുശ്ശേരി അസംബ്ലി മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ച വേദിയിൽ ബഹു.ഊർജ്ജവകുപ്പ് മന്ത്രി പ്രഖ്യാപിച്ച കിനാലൂർ 110 കെ. വി. സ്റ്റേഷന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ ;

(സി) നിർമ്മാണ ഇക ലഭ്യമാക്കാമെന്ന് KSIDC അറിയിച്ചിട്ടുണ്ടോ ;

(ഡി) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിലെ തടസ്സം എന്താണെന്ന് അറിയിക്കാമോ ;

(ഇ) ഇയു സംബന്ധിച്ച ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കിനാലൂരിൽ ഒരു 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇകയിൽ കെ.എസ്.ഐ .ഡി.സി-യുടെ വിഹിതത്തിൽ 25% ആദ്യം അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ലഭ്യമായിട്ടില്ല.

(സി) അംഗീകൃത എസ്റ്റിമേറ്റ് ഇകയുടെ കെ.എസ്.ഐ.ഡി.സി.-യുടെ ഭാഗത്തിന്റെ 25% അടയ്ക്കാമെന്ന് 27-8-2014-ൽ ചേർന്ന യോഗത്തിൽ കെ.എസ്.ഐ.ഡി. സിയുമായി ധാരണയിലെത്തിയിരുന്നു. ബാക്കിയുള്ള ഇക ബോർഡ് ആവശ്യപ്പെ ടുന്നതനുസരിച്ച് തവണകളായി കെ.എസ്.ഐ.ഡി.സി-അടയ്ക്കുന്നതാണെന്നും തീരുമാനിച്ചു.

(ഡി) നിർമ്മാണ പ്രവൃത്തികളുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) പരിഗണിക്കാവുന്നതാണ്.

പുതിയ 33/110 കെ.വി.സബ്സ്റ്റേഷനുകൾ

69 (409) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര 110 കെ. വി. സബ്സ്റ്റേഷനുകളും 33 കെ.വി. സബ്സ്റ്റേഷനുകളും അനുവദിച്ചു ; ഏതെല്ലാം സ്ഥലങ്ങളിൽ ആണ് അനുവദിച്ചത് എന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly